(എ) ഓപ്പൺ സ്കൂളുകളിൽ പഠിക്കുന്നവർ നൽകേണ്ട രജിസ്ട്രേഷൻ ഫീസ് എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ അദ്ധ്യായന വർഷാരംഭത്തിൽ ഈ ഫീസ് എത്രയായിരിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(സി) ഈ ഫീസ് വർദ്ധിപ്പിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ,ബി) ഓപ്പൺ സ്കൂളിൽ രജിസ്ട്രേഷൻ ഫീസ് ഇല്ല. കോഴ്സ് ഫീസാണുള്ളത്. ഇത് കോമേഴ്സ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകൾക്ക് ആയിരം രൂപയും സയൻസ് ഗ്രൂപ്പിന് ലാബ് ഫീസ് ഉൾപ്പെടെ രണ്ടായിരം രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. കഴിഞ്ഞ വർഷത്തിലുള്ള ഫീസിനേക്കാൾ ഇപ്പോൾ ഫീസ് കുറവാണ്.

തുടർ വിദ്യാഭ്യാസ പരിപാടി

44 (645)പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടർ വിദ്യാഭ്യാസ പരിപാടി പ്രകാരമുള്ള തുല്യതാ പരിപാടി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി കൂടുതലായി വ്യാപിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 2.10.2000-ൽ ഇപ്രകാരമൊരു തുല്യതാ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുകയുണ്ടായി.

(ബി) ഔപചാരിക വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചിട്ടില്ലാത്തവരെയും അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ പിന്നോക്കം പോകുന്നവരെയും മുഖ്യധാരയിൽ എത്തിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

(സി) ഘട്ടംഘട്ടമായി കേരളത്തിലെ മുഴുവൻ നവ സാക്ഷരരെയും നാലാംക്ളാസ് പരീക്ഷയ്ക്കിരുത്തുവാനും തുടർന്ന് 7-ാം ക്ളാസ്സ്, പത്താം ക്ളാസ്സ് എന്നിവയ്ക്കു തുല്യമായ പരീക്ഷകൾ നടത്തുവാനും സംസ്ഥാന സാക്ഷരതാ മിഷൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly